# “ഒൻപതു പേർ - അവർ എവിടെ പോയി?”

## (ലൂക്കൊസ് 17:11-19)

നമ്മുടെ ഇന്നത്തെ വലിയ ആവശ്യങ്ങളിൽ ഒന്നാണ് നന്ദിയുണ്ടായിരിക്കുക എന്നത്. നാം വളരെ അധികം അനുഗ്രഹിക്കപ്പെട്ടവരാണ്. പക്ഷെ നാം ആ അനുഗ്രഹങ്ങളെ കാര്യമായി എടുത്തു സൂക്ഷിക്കേണ്ടവരാണ്. പൌലൊസ് എഴുതി: “എന്നാൽ ദൈവത്തിന്റെ സൃഷ്ടി എല്ലാം നല്ലതു; സ്തോത്രത്തോടെ അനുഭവിക്കുന്നു എങ്കിൽ ഒന്നും വർജ്ജിക്കേണ്ടതല്ല” (1 തിമൊഥെയൊസ് 4:4). എബ്രായ ലേഖകൻ പറഞ്ഞു, “ആകയാൽ ഇളകാത്ത രാജ്യം പ്രാപിക്കുന്നതു കൊണ്ടു നാം നന്ദിയുള്ളവരായി ദൈവത്തിനു പ്രസാദം വരുമാറു ഭക്തിയോടും ഭയത്തോടും കൂടെ സേവചെയ്ക” (എബ്രായർ 12:28). കൊലൊസ്യർ 2:7-ൽ പറഞ്ഞിരിക്കുന്നതു ‘‘സ്തോത്രത്തിൽ കവിഞ്ഞിരിപ്പിൻ” എന്നാണ്. ഈ പാഠം മനസ്സിനെ വിദ്യാഭ്യാസം നടത്തുവാനോ ഹൃദയത്തെ ഇളക്കുവാനോ മനസാക്ഷിക്കുത്തു ജനിപ്പിക്കുവാനോ ഉദ്ദേശിച്ചുള്ളതല്ല (2 പത്രൊസ് 1:12, 13).

### യേശുവിന്റെ കാലത്തുള്ള നന്ദിയില്ലായ്മ

ലൂക്കൊസ് 17 പറയുന്നതു: “അവൻ യെരുശലേമിലേക്കു യാത്ര ചെയ്കയാൽ’’ ... എന്നത്രെ (വാകൃം 11). ലൂക്കൊസിന്റെ സുവിശേഷത്തിൽ ഇതു മൂന്നാം പ്രാവശ്യമാണ് ‘‘അവൻ യെരുശലേമിലേക്കു യാത്ര ചെയ്കയിൽ എന്നു പറയുന്നത്.”[1] ക്രൂശിന്നുള്ള സമയമായി വരുന്നു. “ശമര്യക്കും ഗലീലക്കും നടുവിൽ കൂടി കടക്കുമ്പോൾ” (വാക്യം 11), “യേശു ശമര്യയുടേയും ഗലീലയുടേയും അതിരുകളിൽ കൂടെ സഞ്ചരിച്ചപ്പോൾ” എന്നാണ് മറ്റൊരു തർജ്ജിമ പറയുന്നത്. യേശു പടിഞ്ഞാറുള്ള യോർദ്ദാനിലേക്കു നടന്നു

പോവുകയായിരിക്കാം. അവൻ ഒരു ഗ്രാമത്തിൽ ചെല്ലുന്നേരം (വാക്യം 12) ആ ഗ്രാമത്തിന്റെ പേർലൂക്കൊസ് നല്കുന്നില്ല; അതു അപ്രധാന മാണ്.

യേശു ഗ്രാമത്തിൽ ചെല്ലുന്നേരം "കുഷ്ഠരോഗികളായ പത്തു പുരുഷന്മാർ അവന്നു എതിർപെട്ടു അകലെ നിന്നുകൊണ്ടു" (വാക്യം 12), കുഷ്ഠരോഗികൾക്കു ടൗണിൽ പ്രവേശിക്കാൻ കഴിഞ്ഞിരുന്നില്ല.[2] എന്നാൽ അവർക്കു വാതില്ക്കൽ വന്നു ഭിക്ഷ ചോദിക്കാമായിരുന്നു. ഈ കുഷ്ഠരോഗികൾ ഒരുപക്ഷേ യേശു പ്രവേശിക്കുന്ന ഗ്രാമത്തിന്റെ അടുത്തായിരുന്നിരിക്കാം അവർ ഉണ്ടായിരുന്നത്. ചുരുങ്ങിയതു ഒരാൾ ശമര്യക്കാരൻ ആയിരുന്നിരിക്കാം (വാക്യം 16). യേശുവിന്റെ പിന്നീടുള്ള സംസാരത്തിൽ, നിന്നു ശേഷിച്ചവരിൽ ഭൂരിഭാഗമോ അല്ലെങ്കിൽ എല്ലാവരും യഹൂദന്മാരായിരുന്നു എന്നു വ്യക്തം (വാക്യം 18). ഈ നശ്വരശത്രുക്കൾക്കുമേൽ ദുഃഖകരമായ സാഹചര്യമാണ്.[3] നേരിട്ട് - യെഹൂദന്മാരും ശമര്യക്കാരും ഒരുമിച്ചു. ജലപ്രളയം, ഉയരുമ്പോൾ ആടുകളും ചെന്നായ്ക്കളും കൂട്ടമായി ഉണങ്ങിയ ചെറിയ ദ്വീപുകളിലേക്കു ഒരുമിച്ച് ഓടിക്കയറും.

ഈ സംഭവത്തെ മുഴുവനായി അഭിനന്ദിക്കുവാൻ, ഈ പത്തു പുരുഷന്മാരുടെ രോഗത്തെക്കുറിച്ചു ചുരുക്കമായി നാം അറിയേണ്ടതുണ്ട്. ബൈബിളിൽ കുഷ്ഠം എന്നു പറയുന്ന രോഗം ഭയാനകവും വേഗത്തിൽ പകരുന്നതുമാണ്.[4] ഈ രോഗത്തെക്കുറിച്ചു പഠനം നടത്തിയവർ പറയുന്നതു കുഷ്ഠരോഗം അറപ്പുളവാക്കുന്ന കാഴ്ചയാണെന്നാണ്. ത്വക്കിനു നിറഭേദമാണ് ആദ്യം ഈ രോഗം വരുത്തുന്നത് - അതു ഇളം ചുവപ്പായി മാറും, പിന്നെ തവിട്ടു നിറമായി മാറും, പിന്നെ കറുത്തു വരും. അതു വ്യണമായും മുറിവുകളായും ത്വക്കും എല്ലുകളും തകർത്തു നശിപ്പിക്കും. രണ്ടു വർഷങ്ങൾ ക്കുള്ളിൽ മരണം തീർച്ചയായിരുന്നു.

നിങ്ങളുടെ മനസിൽ, ഈ പത്തു പുറജാതിക്കാരെ കാണുക. കൈവിരലുകൾ മടങ്ങിപ്പോയതും, കൈകൾ ഇല്ലാത്തവരും, കണ്ണുകളും ചെവികളും മൂക്കുകളും ഇല്ലാതായവർ, അഴുക്കുള്ള, എല്ലും തോലുമായിത്തീർന്ന, പരാജിതരും ആർക്കും വേണ്ടാത്തവരും; കുടുംബമില്ലാത്ത, ജോലിയില്ലാത്ത, സാധാരണത്വം നഷ്ടമായവർ എന്നിങ്ങനെ പലതും അവരെക്കുറിച്ചു പറയാം. കുഷ്ഠം ദുർബ്ബലമാക്കുകയും, ലജ്ജിപ്പിക്കുകയും ചെയ്യുന്നു.

12-ാം വാക്യം സൂചിപ്പിക്കുന്നതു, ''അവർ അകലെ നിന്നു കൊണ്ടു" എന്നാണ്. ന്യായപ്രമാണപ്രകാരം കുഷ്ഠരോഗികൾ ദൂരെ മാറിനിൽക്കണം. എത്ര ദൂരമെന്നു കൃത്യമായി ന്യായപ്രമാണത്തിൽ പറയുന്നില്ല, എന്നാൽ ഒരു റബ്ബി നിർദ്ദേശിച്ചതു അമ്പതു ചുവടുകളായിരുന്നു. അതു ഉദ്ദേശം അമ്പതു കോൽ ഏകദേശം ഒരു

ഗ്രൗണ്ടിന്റെ പകുതി ദൂരം[5] – വളരെ ദൂരെ എന്നർത്ഥം!

ഈ പത്തു കുഷ്ഠരോഗികൾ യേശുവിനെ കണ്ടപ്പോൾ, "അവരുടെ ശബ്ദം ഉയർന്നു" (വാക്യം 13). രോഗകാഠിന്യം അവരുടെ ശബ്ദ ധമനികളെയും ബാധിച്ചിരിക്കുന്നു. ഈ രോഗത്തോടനു ബന്ധമായി ക്ഷയവും ബാധിക്കാറുണ്ട്. ശബ്ദം പരുപരുത്തു തൊണ്ട അടഞ്ഞിരിക്കും,അമ്പതുകോൽ അകലെ നിന്നു, വ്യക്തമല്ലാത്ത ശബ്ദത്തിൽ യേശുവിന്റെ ശ്രദ്ധ ആകർഷിക്കുവാൻ ആഗ്രഹിച്ചു എന്നതിൽ സംശയമില്ല. എന്നാൽ പ്രത്യേകിച്ചും അവർ കരുണക്കും ദയവിനും അവരെ മനസ്സിലാക്കുന്നതിനും അപേക്ഷിച്ചു. അവർ ശാരീരിക സൗഖ്യം മാത്രമല്ല ആവശ്യപ്പെട്ടതു; അവർക്കു മനസ്സിനും ആത്മാവിനും സൗഖ്യം ആവശ്യമായിരുന്നു.

14–ാം വാക്യം പറയുന്നതു, "അവൻ അവരെ കണ്ടപ്പോൾ അവൻ അവരോടു പറഞ്ഞു." (എംഫസിസ് മൈൻ) യേശുവിന്നു ചുറ്റും ശബ്ദാനമായ ഒരു കൂട്ടം ഉണ്ടാവാം. ചിലപ്പോൾ ദൂരെ അവൻ അവരുടെ ശബ്ദം കേട്ടിരിക്കയില്ല. ഒടുവിൽ അവൻ കേട്ടപ്പോൾ, അവൻ ചുറ്റും നോക്കിയപ്പോൾ ദൂരെ അവർ നിൽക്കുന്നതു കണ്ടിരിക്കാം. അവൻ അവരോടു, "നിങ്ങൾ പോയി പുരോഹിതന്മാർക്കു നിങ്ങളെ തന്നെ കാണിപ്പിൻ എന്നു പറഞ്ഞു" (വാക്യം 14).

മുൻപ്, യേശു മറ്റൊരു കുഷ്ഠരോഗിയെ സൗഖ്യമാക്കി. ആ അവസരത്തിൽ, യേശു അവനെ തൊട്ടു പറഞ്ഞു, "സൗഖ്യമാക" (ലൂക്കൊസ് 5:13). ആ മനുഷ്യൻ സൗഖ്യമായശേഷം, യേശു അവനോടു ന്യായപ്രമാണപ്രകാരം പുരോഹിതന്നു അവനെ കാണിച്ചു കൊടുപ്പാൻ പറഞ്ഞു. പുരോഹിതന്മാരുടെ ജോലികളിൽ ഒന്നായിരുന്നു ആരോഗ്യ പരിശോധന എന്നത്.[6] ഒരു കുഷ്ഠരോഗി സൗഖ്യമായി എന്നു പുരോഹിതൻ അവസാനമായി പറഞ്ഞാൽ അവനു ചില വഴിപാടുകൾ, യാഗങ്ങൾ നടത്തി സമൂഹത്തിൽ പുനഃപ്രവേശനം നടത്താം. അവനു പിന്നെ ഭവനത്തോടൊപ്പം ചേരുവാൻ വീട്ടിലേക്കു മടങ്ങാം, ജോലിയിലേക്കും പോകാം, ദേവാലയത്തിലേക്കും പോകാം.

ഈ സമയത്തു, എങ്ങനെയായാലും, യേശു കുഷ്ഠരോഗികളുടെ അടുക്കൽ പോയി അവിടെ വെച്ചു സൗഖ്യമാക്കിയില്ല.[7] പിന്നെയോ, അവൻ സൗഖ്യമായെന്ന പോലെ അവരെ പുരോഹിതന്മാർക്കു കാണിച്ചു കൊടുക്കാൻ പറഞ്ഞു![8] (ഈ സംഭവത്തിന്റെ സ്ഥല നിർണ്ണയം നടത്തുന്നത് ഒരു തർജ്ജിമ പ്രകാരം – ശമര്യക്കും ഗലീലക്കും ഇടയിലുള്ള അതിരുകൾ – ശരിയാണെങ്കിൽ – ഈ പത്തു കുഷ്ഠരോഗികൾക്കു ബഹുദൂരം യാത്ര ചെയ്തു വേണം യെരുശലേം വരെ എത്തുവാൻ.)

ഈ സംഭവത്തിന്റെ അടുത്ത ഭാഗം ആവേശജനകമാണ്: "അവർ അങ്ങനെ പോകയിൽ, തന്നെ ശുദ്ധരായിത്തീർന്നു" (വാക്യം 14).

ശമര്യക്കാരൻ തിരിഞ്ഞു നോക്കിയപ്പോൾ യേശുവിനെ കണ്ടു, ഞാൻ വിചാരിക്കുന്നതു ഈ പത്തു കുഷ്ഠരോഗികൾ അധിക ദൂരം പോകുന്നതിനു മുൻപു തന്നെ സൗഖ്യമായി എന്നാണ് അവരുടെ ശരീരം വീണ്ടും ആരോഗ്യം പ്രാപിച്ചതു എങ്ങനെയായിരിക്കുമെന്ന് ഒന്നു ഊഹിച്ചു നോക്കുക – അവരുടെ കണ്ണുകൾ, ചെവികൾ, തൊണ്ടകൾ എന്നിവ സൗഖ്യമായി; പഴയ മുറിവുകൾ നീങ്ങി ത്വക്കുകൾ ആരോഗ്യകരമായി തീർന്നു, പുതിയ എല്ലുകൾ രൂപപ്പെട്ടു, അവ പുതിയ പേശികൾ പുതിയ ഞരമ്പുകളാൽ മൂടപ്പെട്ടു, രക്തധമനികളും ഉണ്ടായി. ശരീരം മുഴുവൻ പുതിയ ത്വക്കും രൂപപ്പെട്ടു; അവരുടെ ആരോഗ്യവും ശക്തിയും ശരീരം മുഴുവൻ സ്പന്ദിക്കാൻ തുടങ്ങി. അവരുടെ ഹൃദയങ്ങളിൽ എത്രമാത്രം ആവേശം വന്നിരിക്കും! "ഞാൻ വിണ്ടും പൂർണ്ണാരോഗ്യവാനായി," "എനിക്കു ഇനി വീട്ടിലേക്കു പോകാം!" "എനിക്കു സമൂഹത്തിലേക്കു മടങ്ങാം!" "എനിക്കു വീണ്ടും ദേവാലയത്തിൽ പോകാം!"

ഈ പത്തു പുരുഷന്മാരുടെ സമാനതകൾ ശ്രദ്ധിക്കുക: (1) അവർക്കെല്ലാം ഒരേ ഭയാനകരോഗം ഉണ്ടായിരുന്നു. (2) അവരെല്ലാവരും അതിനു എന്തെങ്കിലും ചെയ്യണം എന്നു തീരുമാനിച്ചു. (3) യേശുവിനു ഏതെങ്കിലും രീതിയിൽ തങ്ങളെ സഹായിക്കാൻ കഴിയും എന്നു എല്ലാവരും വിശ്വസിച്ചു. (4) അവർ എല്ലാവരും യേശുവിനോടു അപേക്ഷിച്ചു. (5) എല്ലാവരും യേശുവിനെ അനുസരിച്ചു പുരോഹിതന്മാർ എവിടെയോ അവിടേക്കു നടന്നു. (6) എല്ലാവരും സൗഖ്യമായി സമാനത അവിടെ തീരുന്നു. 15-ാം വാക്യം ആരംഭിക്കുന്നതു: "അവരിൽ ഒരുത്തൻ" എന്നു പറഞ്ഞുകൊണ്ടാണ്. (എംഫസിസ് മൈൻ) ഒരു നിമിഷശേഷം ആ മനുഷ്യൻ ശമര്യക്കാരനായിരുന്നു എന്നു നാം പഠിക്കും. "അവരിൽ ഒരുത്തൻ, തനിക്കു സൗഖ്യം വന്നതു കണ്ടു, മടങ്ങി വന്നു" (വാക്യം 15). പിന്നീടു അവൻ യേശു കല്പിച്ച സ്ഥലത്തേക്കു പോയിരിക്കും തീർച്ച[3]. ആദ്യം, അവൻ എങ്ങനെയായാലും, തന്റെ കവിഞ്ഞൊഴുകുന്ന അഭിനന്ദനം പ്രകടമാക്കാൻ ആഗ്രഹിച്ചു.

അവൻ "മടങ്ങിവന്നു, ദൈവത്തെ മഹത്വപ്പെടുത്തി" (വാക്യം 15). യേശുവിന്നു ദൈവം സൗഖ്യമാക്കുവാനുള്ള ശക്തികൊടുത്തു എന്നു അവൻ മനസ്സിലാക്കി. അവൻ ദൈവത്തെ "ഉച്ചത്തിൽ മഹത്വപ്പെടുത്തി" (വാക്യം 15). ഒരു കുഷ്ഠരോഗിയുടെ പരുപരുത്ത ശബ്ദത്തോടെയല്ല, സൗഖ്യമുള്ള മനുഷ്യന്റെ ശക്തമായ ശബ്ദത്തോടെയാണ്! "അവന്റെ കാൽക്കൽ (യേശു) കവിണ്ണു, വീണു അവന്നു നന്ദി പറഞ്ഞു" (വാക്യം 16). അവൻ യേശുവിന്റെ ദൈവികത്വത്തെ തിരിച്ചറിഞ്ഞു അവന്റെ കാൽക്കൽ വീണു അവനെ നമസ്കരിക്കുകയും നന്ദി പറയുകയും ചെയ്തു. ഇവിടെ ഉപയോഗിച്ച

ക്രിയ വർത്തമാനകാലത്തിലാണ്, അതു സൂചിപ്പിക്കുന്നതു ആ മനുഷ്യൻ യേശുവിന്നു "നന്ദി പറഞ്ഞുകൊണ്ടേയിരുന്നു" എന്നാണ്.

അടുത്ത ചെറിയ വാക്കു വരുന്നത് ഞെട്ടലുളവാക്കുന്ന പ്രസ്താവനയായിട്ടാണ്: "അവനോ ശമര്യക്കാരൻ ആയിരുന്നു" (വാക്യം 16). പലപ്പോഴും നമുക്കു അഭിനന്ദനം ലഭിക്കുന്നതു, അതു നാം ചുരുക്കമായി പ്രതീക്ഷിക്കുന്നവരിൽ നിന്നാണ്, നാം കൂടുതൽ നന്ദി പ്രതീക്ഷിക്കുന്നവർ നമ്മുടെ പരിശ്രമങ്ങൾ കാര്യമായി എടുക്കാതെ യുമിരിക്കും.

17-ാം വാക്യത്തിലെ യേശുവിന്റെ ശബ്ദത്തിൽ അടങ്ങിയ ദുഃഖം നിങ്ങൾക്കു കേൾക്കാൻ കഴിയുന്നുണ്ടോ? പത്തു പേർ ശുദ്ധരായി തീർന്നില്ലയോ? ഒമ്പതുപേർ എവിടെ? ഒരാൾ അവരെല്ലാവരും മടങ്ങിവന്നു പെട്ടെന്നു ഒരു സംഘമായി ചേർന്ന് സങ്കീർത്തനം 103 പാടുമെന്നു വിചാരിച്ചിരിക്കാം:

> എൻമനമേ യഹോവയെ വാഴ്ത്തുക;
> എന്റെ സർവ്വാന്തരംഗവുമേ,അവന്റെ വിശുദ്ധനാമത്തെ വാഴ്ത്തുക.
> എൻമനമേ യഹോവയെ വാഴ്ത്തുക;
> അവന്റെ ഉപകാരങ്ങൾ ഒന്നും മറക്കരുത്;
> അവൻ നിന്റെ അകൃത്യം ഒക്കെയും മോചിക്കുന്നു;
> നിന്റെ സകല രോഗങ്ങളേയും സൗഖ്യമാക്കുന്നു;
> അവൻ നിന്റെ ജീവനെ നാശത്തിൽ നിന്നു വീണ്ടെടുക്കുന്നു.
> അവൻ ദയയും കരുണയും നിന്നെ അണിയിക്കുന്നു.
> നിന്റെ യൌവനം കഴുകനെ പോലെ പുതുകി വരത്തക്കവണ്ണം
> അവൻ നിന്റെ വായ്ക്കു നന്മ കൊണ്ടു തൃപ്തി വരുത്തുന്നു (വാക്യം 1 മുതൽ 5 വരെ).

എങ്കിലും അവർ അതു ചെയ്തില്ല, എന്തുകൊണ്ട്? ബർട്ടൺ കോഫ്മാൻ ഈ നിദ്ദേശങ്ങൾ തന്റെ വായിൽ നിന്നു പുറപ്പെടുവിക്കുന്നു:

> ഒരാൾ തന്റെ സൗഖ്യം വാസ്തവമാണോ എന്നറിയാൻ കാത്തിരുന്നു.
> ഒരാൾ അതു നീണ്ടു നില്ക്കുമോ എന്നറിയാൻ നോക്കിയിരുന്നു.
> ഒരാൾ പറഞ്ഞു യേശുവിനെ പിന്നെ കാണാം.
> ഒരാൾ തനിക്കു ഒരിക്കലും കുഷ്ഠമേ ഉണ്ടായിരുന്നില്ല എന്നു ഭാവിച്ചു.
> ഒരാൾ പുരോഹിതന്മാർക്കു മഹത്വം കൊടുത്തു.
> ഒരാൾ പറഞ്ഞു, "എനിക്കു എങ്ങനെയും സൗഖ്യമായല്ലോ അതു മതി" എന്ന്.
> വേറൊരാൾ പറഞ്ഞു, "കൊള്ളാം യേശുവിന്നു വാസ്തവത്തിൽ എന്തും ചെയ്യാം."
> മറ്റൊരാൾ പറഞ്ഞു, "ഏതെങ്കിലും ഒരു റബ്ബിക്കു ഇത്

ചെയ്യാവുന്നതേയുള്ളൂ."
ഒരാൾ പറഞ്ഞു, "എനിക്ക് ഇപ്പോൾ നല്ല സുഖമുണ്ട്."[10]

യേശു പിന്നെ ദുഃഖത്തോടെ ചോദിച്ചു, "ഈ അന്യജാതിക്കാരനല്ലാതെ, ദൈവത്തിനു മഹത്വം കൊടുപ്പാൻ മടങ്ങി വന്നവരായി ആരെയും കാണുന്നില്ലല്ലോ?" (വാക്യം 18) "അന്യജാതിക്കാരൻ" എന്ന വാക്ക് (തർജ്ജിമ ചെയ്തിരിക്കന്നത്) ഈ ലേഖനത്തിൽ കാണുന്നതാണ്. ജാതികളുടെ മുറ്റത്തുനിന്നു സ്ത്രീകളുടെ മുറ്റത്തേക്കുള്ള ആ അതിരും വേലിയും വിട്ട്: "വേറൊരു ദേശത്തുള്ള ഒരു പുരുഷനും ദേവാലയ പരിസരത്തു പ്രവേശിക്കാവുന്നതല്ല. അങ്ങനെ ആരെയെങ്കിലും അവിടെ പ്രവേശിച്ച് പിടിക്കപ്പെട്ടാൽ മരണമാണ് പിന്നെയുള്ളത്." ഈ മനുഷ്യനു ദേവാലയത്തിൽ ശരിയായി പ്രവേശിക്കാൻ കഴിയില്ല, എന്നാൽ യേശുവിന്റെ അടുക്കൽ വരുവാൻ കഴിഞ്ഞു.

തന്റെ കാൽക്കൽ വിണു തന്നെ നമസ്കരിച്ച ശമര്യക്കാരനോടു. "യേശു പറഞ്ഞു, എഴുന്നേറ്റു പൊയ്ക്കൊൾക നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു" (വാക്യം 19). "നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു", എന്നു യേശു പറഞ്ഞപ്പോൾ അവൻ ഒരു കാര്യം സ്പഷ്ടമാക്കുകയായിരുന്നിരിക്കാം. ഒരുപക്ഷേ, അവൻ വന്നു നന്ദി സൂചിപ്പിക്കുന്നതുകൊണ്ട് യേശു അവന്നു പ്രത്യേക അനുഗ്രഹം കൊടുക്കുകയായിരുന്നിരിക്കാം. ആ ഒമ്പതു പേർ പൂർണ്ണസൗഖ്യം പ്രാപിച്ച യെഹൂദന്മാരായിരുന്നുവല്ലോ.[11] (എംഫസിസ് മൈൻ) മൂലഭാഷയിൽ ഈ ഭാഗം അക്ഷരികമായി വായിക്കുന്നതു: "നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു" എന്നാണ്. യേശു ഇങ്ങനെ പറഞ്ഞിരിക്കാൻ സാദ്ധ്യതയുണ്ട്, "നിന്റെ വിശ്വാസവും നന്ദി പ്രകടിപ്പിക്കലും നിന്നെ ഭൗതികമായും ആത്മീയമായും സൗഖ്യമാക്കി."[12] മറ്റൊരു വാക്കിൽ പറ ഞ്ഞാൽ, "നിന്റെ വീട്ടിന്നു രക്ഷവന്നിരിക്കുന്നു" (ലൂക്കൊസ് 19:9).

### നമ്മുടെ കാലത്തെ നന്ദിയില്ലായ്മ

നാം ഒരുവശത്തുനിന്നു ഈ സംഭവത്തിലെ കണക്കൊന്നു നോക്കിയാലോ: 10–ൽ 1 ആൾ മാത്രം മടങ്ങിവന്നു യേശുവിനോടു നന്ദി പറയുന്നു – 10 ശതമാനം മാത്രം – അതു നമുക്കു ഞെട്ടലുണ്ടാക്കി. പിന്നെ നാം ഒന്നുനിന്നു ചിന്തിക്കു. ഇന്നു ഈ ശതമാനം ഉയർന്നിട്ടുണ്ടോ?

നമുക്കെല്ലാവർക്കും അറിയാം നന്ദിയില്ലായ്മ ഭയങ്കരം തന്നെയാണ്, എന്നാൽ ഈ അറിവു എത്രത്തോളം നമ്മുടെ ജീവിതത്തിൽ യഥാർത്ഥത്തിൽ സ്വാധീനിച്ചിട്ടുണ്ട്? അനേക വർഷങ്ങൾക്കു മുൻപു,

ഒരു പ്രസിദ്ധീകരണത്തിൽ "നന്ദിയില്ലായ്മ" എന്ന തലക്കെട്ടോടുകൂടി ഒരു മുഴുവൻ പേജും നിറഞ്ഞു നില്ക്കുന്ന ഒരു ചിത്രീകരണം ഞാൻ കാണുകയുണ്ടായി. മദ്ധ്യത്തിൽ ഒരു നിഴൽ രൂപത്തിനു ചുറ്റും നിന്നു ആളുകൾ കല്ലെറിയുന്നതായിട്ടും ചിത്രത്തിലെ മേൽക്കുറിപ്പ് ''നന്ദിയില്ലായ്മ'' എന്നും കാണാം. ഞാൻ അതു കൂടുതൽ നോക്കിയപ്പോൾ കണ്ടത്, ആ കൂട്ടത്തിൽ ഓരോരുത്തരുടേയും കയ്യിൽ പിടിച്ചിരിക്കുന്ന ചെറുരൂപത്തിൽ ''നന്ദിയില്ലായ്മ'' എന്നു എഴുതിയിരുന്നു. അങ്ങനെ ചിത്രകാരൻ തന്റെ ദൃഢവിശ്വാസത്തെ പ്രകടിപ്പിച്ചു. നാം മറ്റുള്ളവരുടെ നന്ദിയില്ലായ്മയെ വേർതിരിച്ചു അതിനെതിരായി ശബ്ദമുയർത്തുമെങ്കിലും നാമെല്ലാം നമ്മുടെ ഹൃദയങ്ങളിൽ പതുങ്ങിയിരിക്കുന്ന ഈ വിശേ ഷതയെ കണ്ടെത്തണം. നാം 10-ൽ 1 ആൾ വന്നു യേശുവിനോടു നന്ദി പറഞ്ഞ സംഭവം വായിക്കുമ്പോൾ നാം ഓരോരുത്തരും ചോദിക്കേണ്ട ചോദ്യം, ''എന്താണ് എന്റെ ശിഷ്ടതുക'': ''അതായതു ഞാൻ നന്ദികാണി ക്കേണ്ടതു എത്രയാണ്?"

നന്ദികാണിക്കേണ്ടതിനു വലിയ ഊന്നലാണ് ബൈബിൾ കൊടുത്തിരിക്കുന്നത്:

> ക്രിസ്തുവിന്റെ സമാധാനം നിങ്ങളുടെ ഹൃദയത്തിൽ വാഴട്ടെ. അതിനല്ലോ നിങ്ങൾ ഏക ശരീരമായി വിളിക്കപ്പെട്ടിരിക്കുന്നതു; നന്ദിയുള്ളവരായും ഇരിപ്പിൻ (കൊലൊസ്യർ 3:15).
>
> പ്രാർത്ഥനയിൽ ഉറ്റിരിപ്പിൻ, സ്തോത്രത്തിൽ ജാഗരിപ്പിൻ (കൊലൊസ്യർ 4:2).
>
> എല്ലാറ്റിന്നും സ്തോത്രം ചെയ്വിൻ; ഇതല്ലോ നിങ്ങളെക്കുറിച്ചു ക്രിസ്തുയേശുവിൽ ദൈവേഷ്ടം (1 തെസലൊനിക്യർ 5:18).

വാക്കുകളിൽ എന്തു വെല്ലുവിളിയാണുള്ളത് ''എല്ലാറ്റിനും സ്തോത്രം ചെയ്വിൻ"! (എംഫസിസ് മൈൻ) നാം എല്ലായ്പ്പോഴും ചിലതിനെല്ലാം നന്ദി പറയണം. ഏതു സാഹചര്യത്തിലും നന്മ കണ്ടു ദൈവത്തിനു നന്ദി പറയുന്ന ഒരു മനുഷ്യന്റെ കഥ പറഞ്ഞുകേട്ടിട്ടുണ്ട്. ഒരു ദിവസം ഭയങ്കരമായ ഒരു ശൈത്യക്കാറ്റടിച്ചു മഞ്ഞ്, ആലിപ്പഴം, ഐസ് എന്നിവയാൽ എല്ലാം ഒരു കമ്പിളികൊണ്ടു മൂടുന്നതുപോലെ ആയി. വൈദ്യുതകമ്പികളെല്ലാം താഴെ വീഴുകയും ഭൂരിപക്ഷം ജോലികളും ഏതാണ്ട് നിശ്ചലമായി. ഈ മനുഷ്യനടക്കം കുറച്ചുപേർ മാത്രം ദിവസവും നടത്തിവരാറുള്ള പ്രാർത്ഥനായോഗത്തിനു വന്നു, അവിടെ കൂടിവന്ന ആ കുറച്ചുപേർ, ഈ മനുഷ്യൻ ഇന്നു സംഭവിച്ചതിൽ എന്തു നന്മയാണ് കണ്ടെത്തി ദൈവത്തിനു നന്ദി

പറയാൻ പോകുന്നതു എന്നറിയാൻ ആകാംക്ഷയോടെ ഇരുന്നു. അദ്ദേഹത്തിന്റെ പ്രാർത്ഥനാസമയമായി, അദ്ദേഹം പറഞ്ഞു, "കർത്താവേ കാലാവസ്ഥ എല്ലായ്പ്പോഴും ഇങ്ങനെ അല്ലാതിരിക്കുന്നതിനാൽ ഞാൻ നിനക്കു നന്ദി പറയുന്നു!"

നമുക്കു നേരെ വിരൽ ചൂണ്ടുന്ന സാഹചര്യത്തിലെ നന്മ നമ്മിലധികം പേർക്കും വേണം. അതൊരു നന്ദി പറയുന്ന ദിവസമായിരുന്നു. വീട്ടിലുള്ള എല്ലാവരും, മുൻകോപിയായ അങ്കിൾ മോർട്ടടക്കം ഒരുമിച്ചു കൂടിയിരിക്കുകയാണ്, ആഹാരത്തിനു മുൻപ് എന്തിനെല്ലാം അവർ നന്ദി പ്രകടിപ്പിക്കണം, പറഞ്ഞുകൊണ്ടിരിക്കുന്നു. മോർട്ടിന്റെ ഊഴം വന്നപ്പോൾ അയാൾ പറഞ്ഞു,''അടുത്തയാൾ.'' അദ്ദേഹത്തിനടുത്തിരുന്ന പൊക്കം കുറഞ്ഞ ഒരാൾ, "ഒരു നിമിഷം ഒന്നു നില്ക്കണേ'' എന്നു പറഞ്ഞു,അങ്കിൾ മോർട്ടിനു നന്ദി പറയാനുള്ളതു എന്താണെന്നു പറയുവാൻ ആവശ്യപ്പെട്ടു "എനിക്കു നന്ദി പറയാൻ ഒന്നുമില്ലെന്നു" മോർട്ട് വ്യക്തമാക്കി. ആ കുട്ടി മേശക്കു നടുവിലിരുന്ന, സുവർണ്ണനിറവും തവിട്ടു നിറവും ഇട കലർന്ന പക്ഷിയെ നോക്കി പറഞ്ഞു, ''ചുരുങ്ങിയതു നിങ്ങൾ ഒരു ടർക്കിയല്ലാത്തതിനാൽ നിങ്ങൾക്കു നന്ദി പറയാമല്ലൊ!"

നന്ദി പ്രകടനദിനത്തിൽ, ഒരു ചെറിയ കുട്ടി കണ്ണാടി ഉപയോഗിച്ചുകൊണ്ടിരുന്നവനായിരുന്നു,''എനിക്കു കണ്ണാടി ഉള്ളതിനാൽ എനിക്കു നന്ദിയുണ്ട്." "കാരണം അതു കാണുവാൻ സഹായിക്കുന്നു എന്നതു കൊണ്ടാണോ?" എന്നു ആരോ ചോദിച്ചു. അവൻ പറഞ്ഞത്, ''കാരണം മറ്റു ആൺകുട്ടികൾ അവനെ ആക്രമിക്കയോ, പെൺകുട്ടികൾ അവനെ ചുംബിക്കുകയോ ഇല്ല'' എന്നതാണ് "എല്ലാറ്റിനും സ്തോത്രം ചെയ്യുവിൻ" നാം എപ്പോഴും ചിലതിനു നന്ദി പറയേണ്ടതാണ്!

നന്ദിയില്ലാതിരിക്കുക എന്നതു പാപമാണെന്നു കൂടെ ബൈബിൾ പറയുന്നുണ്ട്. പൌലൊസ് തന്റെ കാലയളവിലെ ആളുകളുടെ ശോചനീയമായ അവസ്ഥയെ കുറിച്ചു പറഞ്ഞുകൊണ്ടു എഴുതി: ''അവർ ദൈവത്തെ, അറിഞ്ഞിട്ടും അവനെ ദൈവമെന്നോർത്തു മഹത്വീകരിക്കയോ നന്ദി കാണിക്കയോ ചെയ്യാതെ തങ്ങളുടെ നിരൂപണങ്ങളിൽ വ്യർത്ഥരായിതീർന്നു" (റോമർ 1:21; എംഫസിസ് മൈൻ). പിന്നീടൊരിക്കൽ ജനങ്ങളുടെ അവസ്ഥയെകുറിച്ചു അവൻ എഴുതി, ''മനുഷ്യർ സ്വസ്നേഹികളും, ദ്രവ്യാഗ്രഹികളും, വമ്പു പറയുന്ന വരും, അഹങ്കാരികളും, ദൂഷകന്മാരും, അമ്മയപ്പന്മാരെ അനുസരിക്കാ ത്തവരും, നന്ദികെട്ടവരും, അശുദ്ധരും, വാത്സല്യമില്ലാത്തവരും" (2 തിമൊഥെയൊസ് 3:2; എംഫസിസ് മൈൻ).

പഴയ ഒരു ഐതിഹ്യമനുസരിച്ച്, രണ്ടു ദൂതന്മാരെ മനുഷ്യരുടെ പ്രാർത്ഥനകൾ ശേഖരിക്കുന്നതിനു ഭൂമിയിലേക്കു അയച്ചു. ഒരാൾ

തന്റെ കുട്ടയിൽ മനുഷ്യരുടെ പരാതികൾ, യാചനകൾ എല്ലാം ശേഖരിച്ചു. മറ്റൊരു ദൂതൻ ആളുകളുടെ നന്ദിപ്രകടനവും ശേഖരിച്ചു. കുറച്ചു കഴിഞ്ഞ് അവർ ദൈവ സിംഹാസനത്തിനടുക്കലേക്കു മടങ്ങിപ്പോയി. ആദ്യത്തെ ദൂതന്റെ കുട്ട മനുഷ്യരുടെ അസംഖ്യമായ ആവശ്യങ്ങളുടെ കൂമ്പാരംകൊണ്ട് നിറഞ്ഞു കവിഞ്ഞിരുന്നു. രണ്ടാമത്തെ ദൂതന്റെ മടക്കം ദുഃഖത്തോടും ഭയപ്പെട്ട ഹൃദയത്തോടും കൂടെ ആയിരുന്നു; കാരണം അവന്റെ കുട്ട ഏതാണ്ട് കാലിയായിരുന്നു.

ദൈവത്തോടും മനുഷ്യരോടുമുള്ള ബന്ധത്തിൽ മനുഷ്യരുടെ നന്ദിയില്ലായ്മ ഇരട്ടിയായി വർദ്ധിച്ചിരുന്നു. വർഷങ്ങൾക്കു മുൻപു ഒരു യാത്രാക്കപ്പൽ നിറച്ചു യാത്രക്കാരുമായി മിഷിഗൻ തടാകത്തിനടുത്തു കപ്പൽച്ചേതം വന്നു കപ്പലിന്റെ ഭാഗങ്ങൾ പൊട്ടിപ്പൊളിഞ്ഞു ആളുകൾ തെറിച്ചുപോകുന്നു. ഒരു സ്ത്രീ പൊട്ടിയഭാഗത്തു തൂങ്ങി കിടക്കുന്നതു ഒരു വിദ്യാർത്ഥിയായ എഡ്വേർഡ് സ്പെൻസർ കണ്ടു. അയാൾ തന്റെ കോട്ട് വലിച്ചെറിഞ്ഞ് വലിയ തിരമാലകളെ കീറിമുറിച്ച് നീന്തി, അവളെ കരയ്ക്കെത്തിച്ചു. തുടർന്നു പതിനാറു പ്രാവശ്യം തിരമാലയെ അവഗണിച്ച്, നീന്തി മൊത്തം പതിനേഴുപേരെ രക്ഷപ്പെടുത്തി. പിന്നെ അവൻ തളർന്നു വീണു ഭൗതികമായി, അവൻ ആ പരിഭ്രാന്തിയോടെയുള്ള പരിശ്രമത്തിൽ നിന്നു മോചിതനായില്ല, പിന്നീടുള്ള തന്റെ ആയുഷ്ക്കാലം അനാരോഗ്യത്തിലായിരുന്നു. വർഷങ്ങൾ പിന്നിട്ടു, അവന്റെ മരണക്കുറിപ്പിൽ, വർത്തമാനപ്പേപ്പർ പറഞ്ഞതു ആ രക്ഷപ്പെട്ട പതിനേഴുപേരിൽ ഒരാൾ പോലും വന്നു അവനു നന്ദി പറഞ്ഞില്ല എന്നാണ്.

മറ്റുള്ളവരെ വിധിക്കുക എന്നതു നമ്മുടെ ജോലിയല്ല, നമ്മുടെ കരുതൽ നമ്മെക്കുറിച്ചാണ്. നാം ആയിരിക്കേണ്ടതുപോലെ നന്ദിയുള്ളവരാണോ? നമുക്കു ഏതാനും നിമിഷം ഒരു സ്വയപരിശോധന നടത്താം.

നമ്മുടെ വീടുകളിൽ നാം വേണ്ടതുപോലെ നന്ദി ചെലുത്തുന്നുണ്ടോ? പൗലൊസ് മനുഷ്യരുടെ പാപങ്ങൾ വിവരിച്ചു 2 തിമൊഥെയൊസ് 3–ൽ എഴുതിയപ്പോൾ, "മാതാപിതാക്കളെ അനുസരിക്കാത്തവർ" എന്നു പറഞ്ഞതിനോടു ചേർന്നുതന്നെ "നന്ദി കാണിക്കാത്തവർ" എന്നു പറഞ്ഞതു യാദൃശ്ചികമായി സംഭവിച്ചതാണോ? എനിക്കറിഞ്ഞുകൂടാ. നമ്മിൽ പലരും മാതാപിതാക്കളോടു നന്ദിയില്ലാത്തവരാണോ എന്നെനിക്കറിയില്ല. നമ്മുടെ ജീവിതത്തിൽ ചില സമയത്ത്, അവർ നമുക്കുവേണ്ടി കരുതിയില്ലെങ്കിൽ, ഒരാഴ്ച അവഗണിച്ചാൽ പോലും നാം മരിച്ചു പോകുമായിരുന്നു. മുൻകാലങ്ങളിൽ നാം എന്തിനും ഏതിനും മാതാപിതാക്കളെ ആശ്രയിക്കുമായിരുന്നു. പലപ്പോഴും ചില സമയത്ത് പ്രായമായ മാതാപിതാക്കൾ ഉള്ളതു ശല്യമാണെന്നുവെച്ചു യുവാക്കൾ അവരുടെ

കടമ തീർക്കാൻ മനസ് കാണിക്കാതിരിക്കയും ചെയ്യുന്ന സമയമുണ്ട്. ഷേക്സ്പിയറുടെ രാജാവായ ലിയർ തന്റെ ജീവിതത്തിലെ തന്നെ ദുഃഖസാഹചര്യത്തെ പറയുന്നുണ്ട്: ''നന്ദിയില്ലാത്ത മകൻ സർപ്പത്തിന്റെ വിഷമുള്ള പല്ലിനേക്കാൾ മൂർച്ചയുള്ളതാണ്."

നമ്മുടെ സഹമനുഷ്യരോട് ആയിരിക്കേണ്ടതുപോലെ നാം നന്ദിയുള്ളവരാണോ? നാം നമ്മുടെ സഹമനുഷ്യരോടു നന്ദിയില്ലാത്തവർ, എന്നു ചിന്തിക്കുമ്പോൾ ധാരാളം ബൈബിൾ ചിത്രീകരണങ്ങൾ മനസ്സിലേക്കു വരുന്നു: ലാബാൻ, യാക്കോബിന്റെ പ്രയത്നങ്ങൾക്കു നന്ദികാണിച്ചില്ല, (ഉല്പത്തി 31:6, 7); പാനപാത്രവാഹകൻമാരുടെ പ്രമാണി തടവിൽ ഉണ്ടായിരുന്ന യോസേഫിനെ മറന്നു (ഉൽപത്തി 40:23); യിസ്രായേൽ മക്കൾ മോശയെ കല്ലെറിയുവാൻ പോലും തയ്യാറായി. മോശെയാണ് അവരെ അടിമത്വത്തിൽ നിന്നു വിടുവിച്ചു കൊണ്ടുവന്നതു (പുറപ്പാട് 17:1-4); ശൗൽ; ദാവീദ് അവന്റെ ജീവനെ രക്ഷിച്ചു, എന്നിട്ടും അവൻ ആ യുവാവിനെ കൊല്ലുവാൻ വിചാരിച്ചു (2 ശമൂവേൽ 16:1, 2).

നാം ഓരോരുത്തർക്കും ധാരാളം കടം കൊടുത്തു തീർക്കാനുണ്ട്. അതു കൂട്ടുകാരായിരിക്കാം, ക്രിസ്തുവിലുള്ള സഹോദരീസഹോദരന്മാരായിരിക്കാം, ഉപദേഷ്ടാക്കന്മാരായിരിക്കാം. നമ്മിൽ ചിലർ, ഡോക്ടർമാർക്ക്. നമ്മുടെ ജീവൻ നിലനിർത്താൻ സഹായിച്ചവരായിരിക്കാം. നാം അവരോട് "ജീവൻ രക്ഷിച്ചതിനു നന്ദി" എന്നു പറഞ്ഞിട്ടുണ്ടോ! അധികം വൈകാതെ നമുക്കതു ചെയ്യാം.

ഒരിക്കൽ ഒരു ഉപദേഷ്ടാവു നന്ദിയുള്ളവരായിരിക്കേണ്ടതിനെക്കുറിച്ചു പറയുമ്പോൾ ഇപ്രകാരം പറയുകയുണ്ടായി. ''സ്വർഗ്ഗത്തിൽ ടെലിഫോണുകളില്ല." (അതൊന്നു കൊണ്ടു മാത്രം ഞാൻ അവിടെ പോകാൻ താല്പര്യപ്പെടുന്നു). അയാൾ പറഞ്ഞതിന്റെ അർത്ഥം എന്തെന്നാൽ, ഒരാൾ മരിച്ചുപോയിക്കഴിഞ്ഞാൽ ''നന്ദി'' പറയാൻ കഴിയില്ല. നമുക്ക് ഇങ്ങനെ പറയാം സ്നേഹിതനായ ബിൽ എനിക്കു ഒരിക്കൽ ഒരു ഉപകാരം ചെയ്തു. എന്നാൽ ഞാൻ അതിനു ശരിയായി അയാൾക്കു നന്ദി പറഞ്ഞില്ല. അയാൾ മരിച്ചശേഷം, എനിക്കു ഫോൺ എടുത്തു "എനിക്കു ദൂരെ. ദൂരെ വിളിച്ചു സ്വർഗ്ഗത്തിലിരിക്കുന്ന ബില്ലിനോടു സംസാരിക്കണം. ഇത് ബില്ല് അല്ലേ, ഞാൻ വിളിച്ചതു താങ്കൾക്കു നന്ദി പറയുവാനാണ് എന്നു പറയാൻ സാദ്ധ്യമല്ല."

ജീവനില്ലാത്ത ശരീരം ശവപ്പെട്ടിയിൽ വെച്ച് ശവസംസ്ക്കാരം നടത്തുന്നവർ, ഇതു പറയാൻ വിട്ടു പോകുന്നതായി കാണുന്നുണ്ട്. ആ ശവത്തെ നോക്കി, ''ഞാൻ നിന്നെ സ്നേഹിക്കുന്നു നീ ചെയ്തതിനെ ഞാൻ അഭിനന്ദിക്കുന്നു എന്നു പറയുന്നതു വളരെ താമസിച്ചാണ്''. കാരണം അവർ അതു അപ്പോൾ കേൾക്കുന്നില്ല. ജീവനോടെ ഇരുന്നപ്പോൾ പറയേണ്ടതാണത്.

ഓരോ സമയത്തു ഓരോ വിധത്തിൽ പ്രവർത്തിക്കുന്ന ടെക്സാസിലെ ഒരു വ്യാപാരി ഒരു പുസ്തകം അച്ചടിച്ചു. തന്റെ സ്നേഹിതന്മാർക്കും ഉപഭോക്താക്കൾക്കും കൊടുത്തു. അതിന്റെ കവറിൽ തലക്കെട്ട്, "ഒരു ദശലക്ഷം നന്ദികൾ" എന്നാണ്. നന്ദികൾ എന്ന വാക്കിനകത്തു ഒരു ദശലക്ഷം പ്രാവശ്യം എന്നു അടിച്ചിരുന്നു. നമ്മെസഹായിച്ച, പ്രോൽസാഹിപ്പിച്ചവരോടു നാം ദശലക്ഷക്കണക്കിൽ കൂടുതൽ "നന്ദി" പ്രകടിപ്പിക്കേണ്ടവരാണ്.

"അങ്ങനെ പറയുക" എന്ന തലക്കെട്ടിൽ ജെറാൾഡിൻ സിയർ ഫോസ് താഴെയുള്ള ലൈനുകൾ എഴുതി:

> ഒരു അയൽക്കാരൻ ചെറിയ ഒരു സഹായം ചെയ്തിട്ടു നിങ്ങൾ
> പോകുമ്പോൾ നിങ്ങളുടെ ഭാരം ലഘൂകരിക്കാൻ ശ്രമിക്കുമോ?
> പിന്നെ എന്തുകൊണ്ട് അയാളോട് അങ്ങനെ പറഞ്ഞുകൂടാ?
> നിങ്ങളുടെ മഹാവ്യസനത്തിൽ നിന്നും ദുഃഖത്തിൽ നിന്നും നിങ്ങളെ
> കൈ പിടിച്ചുയർത്തിയാൽ നിങ്ങളുടെ പഴയ സ്നേഹിതൻ
> നിങ്ങളുടെ ദുഃഖം പങ്കിട്ടാൽ നിങ്ങൾക്കു പിന്നെ എന്തുകൊണ്ടു
> അങ്ങനെ പറഞ്ഞു കൂടാ!
>
> നിങ്ങളുടെ സ്വർഗ്ഗീയ പിതാവു നിങ്ങൾക്കു താഴേക്കു അനേകം
> അനുഗ്രഹങ്ങൾ തരുന്നില്ലേ?
> എങ്കിൽ പിന്നെ മുട്ടുമടക്കിഅവന്റെ മുമ്പിൽ സത്യസന്ധമായി,
> സന്തോഷത്തോടെ, അങ്ങനെ പറയുക![5]

ഇതു നമ്മെ സുപ്രധാനമായ സ്വയപരിശോധനയിലേക്കു കൊണ്ടുവരുന്നു: നാം ആയിരിക്കേണ്ടതു പോലെ ദൈവത്തോടു നന്ദിയുള്ളവരാണോ? തീർച്ചയായും, "ദൈവമേ നീ തന്ന എല്ലാ അനുഗ്രഹങ്ങൾക്കും നന്ദി" എന്നു പറയുന്നതിലാണ് നമ്മിൽ പലരും പരാജയപ്പെടുന്നത്, തീർച്ചയായും അതു വേദനിപ്പിക്കുന്ന പരാജയമാണ്. സങ്കീർത്തനക്കാരൻ പറഞ്ഞു, "എൻമനമേ യഹോവയെ വാഴ്ത്തുക. അവന്റെ ഉപകാരങ്ങൾ ഒന്നും മറക്കരുത്" എന്നു (സങ്കീർത്തനങ്ങൾ 103:2; എംഫസിസ് മൈൻ). ഇവിടെ സങ്കീർത്തനക്കാരൻ പറയുന്നതു എന്തു "ഉപകാരത്തെക്കുറിച്ചാണ്"? ഇതു പറ ഞ്ഞിരിക്കുന്ന മത്തായി 5:45 നോക്കാം: "സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിന്നു പുത്രന്മാരായി തീരേണ്ടതിന്നു തന്നേ അവൻ ദുഷ്ടന്മാരുടെമേലും നല്ലവരുടെമേലും തന്റെ സൂര്യനെ ഉദിപ്പിക്കയും നീതിമാന്മാരുടെ മേലും നീതി കെട്ടവരുടെ മേലും മഴ പെയ്യിക്കയും ചെയ്യുന്നുവല്ലൊ" നമുക്കു സൂര്യപ്രകാശമുണ്ട്, മഴയുണ്ട്, സൂര്യൻ, ചന്ദ്രൻ, നക്ഷത്രങ്ങൾ, പൂക്കൾ, മരങ്ങൾ, പക്ഷി മൃഗാദികൾ, ആപ്പിൾ, മുട്ട, ബട്ടർ എന്നിവയുണ്ട്. നമ്മുടെ ദിനചര്യകളും നമുക്കുണ്ട്.

ഇതിനു പുറമെ, എന്തു പ്രത്യേക അനുഗ്രഹങ്ങളാണ് നമുക്കുള്ളത്, യേശു ശമര്യക്കാരനു പ്രത്യേക അനുഗ്രഹം നല്കി! “അവൻ നിങ്ങൾക്കു എത്ര വലിയകാര്യം ചെയ്തിരിക്കുന്നു എന്നു ഓർത്തുകൊൾവിൻ” (1 ശമുവേൽ 12:24). നിങ്ങൾ എപ്പോഴെങ്കിലും രോഗിയായിതീർന്നിട്ടു സൗഖ്യം പ്രാപിച്ചിട്ടുണ്ടോ?[14] നിങ്ങൾ ഒരു ക്രിസ്തീയ കുടുംബത്തിലാണോ വളർന്നത്? നിങ്ങൾക്കു സുവിശേഷം കേട്ടു, വിശ്വസിച്ചു, അനുസരിക്കുവാൻ അവസരം കിട്ടിയിട്ടുണ്ടോ? നിങ്ങൾക്കു ഒരു ക്രിസ്തീയ വിദ്യാഭ്യാസം കിട്ടിയിട്ടുണ്ടോ? കർത്താവിനെ സ്നേഹിക്കുന്ന ഒരു പങ്കാളിയെ നിങ്ങൾ കണ്ടെത്തിയിട്ടുണ്ടോ? കർത്താവ് നിങ്ങൾക്കു മക്കളെ തന്നിട്ടുണ്ടോ? ദൈവത്തിന്റെ ശ്രേഷ്ഠ വിശുദ്ധന്മാരെ അറിയുവാൻ ദൈവം നിങ്ങൾക്കു അവസരം തന്നിട്ടുണ്ടോ? ആരോ പറഞ്ഞിട്ടുണ്ട്, ഏറ്റവും പ്രയാസമേറിയ കണക്കെന്നു പറയുന്നതു അനുഗ്രഹങ്ങളെ എണ്ണുവാനുള്ള കഴിവാണ്.

അവയെക്കാൾ ഉപരിയായി, പൌലൊസു പറയുന്നതു പോലെ “അപ്രമേയമായ ദൈവത്തിന്റെ ദാനത്തിനു” നാം നന്ദിയുള്ളവരാകണം (2 കൊരിന്ത്യർ 9:15), യേശു എന്ന ദാനം, റോയൽ എയർ ഫോഴ്സിൽ 2-ാം ലോകമഹായുദ്ധത്തിൽ ഉണ്ടായിരുന്ന യുവാക്കളെ ആദരിച്ചുകൊണ്ട് വിൻസ്റ്റൺ ചർച്ചിൽ പറഞ്ഞു, “മനുഷ്യചരിത്രത്തിൽ ഒരിക്കലും അനേകർ വളരെയധികം ചുരുങ്ങിയ ആളുകൾക്കു കടപ്പെട്ടിരിക്കുന്നതായി ഉണ്ടായിട്ടില്ല.” ഈ വാക്കുകൾ യേശുവിൽ അധികം വാസ്തവമാണ്. “ലോകചരിത്രത്തിൽ വളരെയധികം പേർ ഒരാൾക്കു വളരെ കടപ്പെട്ട സംഭവം ഉണ്ടായിട്ടില്ല!”

കർത്താവു നമുക്കു ചെയ്തതിനെല്ലാം നാം എത്ര നന്ദിയുള്ളവരായിരിക്കണം? നാം നന്ദിയുള്ളവരാണെങ്കിൽ, നാം ആ നന്ദി എങ്ങനെ പ്രകടിപ്പിക്കുന്നു? നാം കർത്തൃമേശക്കു ചുറ്റും കൂടുമ്പോൾ, “ആ ഒമ്പതുപേർ എവിടെ പോയി?” ധർമ്മശേഖര പാത്രം കടന്നു വരുമ്പോൾ, “ഒമ്പതുപേർ എവിടെ പോയി?” നാം ഞായറാഴ്ച വൈകുന്നേരവും ബുധനാഴ്ചയും ദൈവത്തെ സ്തുതിക്കുവാൻ കൂടി വരുമ്പോൾ, “ആ ഒമ്പതുപേർ എവിടെ പോയി?” സന്ദർശനത്തിനും സുവിശേഷപ്രവർത്തനങ്ങൾക്കും, സമയം വരുമ്പോഴും ഏറ്റവും വലിയ അനുഗ്രഹമായ രക്ഷ പങ്കിടുമ്പോഴും, “ഒമ്പതു പേർ എവിടെ പോയി?”

കുറച്ചു സമയം എടുത്തു ദൈവം നിങ്ങൾക്കു ചെയ്തതിനെയെല്ലാം ഓർക്കുക, എന്നിട്ടു അവനോടു നന്ദി പറയുക. ഹൃദയ ഭാരത്തോടെ, “ആ ഒമ്പതു പേർ എവിടെ പോയി” എന്നു ചോദിച്ചു യേശുവിനെ പോകുവാൻ അനുവദിക്കരുത്?

## ഉപസംഹാരം

നന്ദി പ്രകടിപ്പിക്കേണ്ട പ്രായോഗിക വഴികളിൽ ഒന്നാണ് അവന്റെ കല്പനകൾ അങ്ങനെ തന്നെ പ്രമാണിക്കുക എന്നത്. നിങ്ങൾക്കു സ്നാനം വേണമെന്നുണ്ടെങ്കിൽ – അല്ലെങ്കിൽ തെറ്റിപ്പോയ ക്രിസ്ത്യാനി യഥാസ്ഥാനപ്പെടാൻ ആഗ്രഹിക്കുന്നു എങ്കിൽ – എന്തുകൊണ്ട് ആ ആവശ്യം ഉടനെ നിറവേറ്റിക്കൂടാ? കർത്താവു നിങ്ങൾക്കു ചെയ്തതു നിങ്ങൾ വാസ്തവത്തിൽ അനുമോദിക്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ, നിങ്ങൾ മടിക്കുകയോ താമസിക്കുകയോ ഇല്ല!

---

കുറിപ്പുകൾ

[1]ലൂക്കൊസ് 9:51; 13:22. [2]ലേവ്യാ പുസ്തകം 13:46; സംഖ്യാ പുസ്തകം 5:2, 3. [3]യോഹന്നാൻ 4:9. [4]നാം ഇന്നു ഉപയോഗിക്കുന്നതിനേക്കാൾ അർത്ഥവ്യാപ്തി ബൈബിൾ സമയത്തു ഉപയോഗിച്ച "കുഷ്ഠം" എന്ന വാക്കിനുണ്ടായിരുന്നു എന്നു ഞാൻ മനസിലാക്കുന്നു. [5]നിങ്ങളുടെ ശ്രോതാക്കൾക്കു മനസിലാകുന്ന താരതമ്യം നടത്തുക. [6]ലേവ്യാ പുസ്തകം 14:2 മുതൽ. [7]ഒരു പുരാതന കയ്യെഴുത്തു പ്രതി സൂചിപ്പിക്കുന്നതു, യേശു അപ്പോൾ തന്നെ സൗഖ്യമാക്കി എന്നാണ്. എന്നാൽ അധികം പ്രതികളും അങ്ങനെ പറയുന്നില്ല. യേശു അത്ഭുതം ചെയ്തപ്പോൾ ചുറ്റുമുള്ള സാഹചര്യങ്ങൾ വിസ്മയം കൂറി. ഇതിനെകുറിച്ചു കോഫ്മാൻ നല്ല രീതിയിൽ പറയുന്നുണ്ട്, "യേശുവിന്റെ അത്ഭുതങ്ങളിലെ വ്യത്യസ്ത ദൈവികത്വത്തിന്റെ മൗലിക സ്വഭാവത്തെ തെളിയിക്കുന്നു. എന്നു പറഞ്ഞിരിക്കുന്നു". (കമെന്ററി ഓൺലുക്ക് അബിലീൻ, ടെക്സസ് എ. സിയു പ്രസ് 1975, 340). [8]19-ാം വാക്യത്തിൽ യേശു ശമര്യക്കാരനോടു, "നിന്റെ വിശ്വാസം നിന്നെ സൗഖ്യമാക്കി" എന്നു പറഞ്ഞു. [9]ശമര്യക്കാരൻ പഴയനിയമത്തിലെ അഞ്ചു പുസ്തകങ്ങൾ വിശ്വസിച്ചിരുന്നു, അതിൽ കുഷ്ഠരോഗത്തെ സംബന്ധിച്ച നിയമവും ഉൾപ്പെടുന്നു. [10]കോഫ്മാൻ 341.

[11]NASB (മറ്റൊരു തർജ്ജിമ) വിശദീകരണകുറിപ്പായി പറയുന്നതു: "അല്ലെങ്കിൽ നിന്നെ രക്ഷിച്ചിരിക്കുന്നു" എന്നാണ്. [12]പഴയ പ്രയോഗം "നന്ദി വിശ്വാസത്തെ പൂർത്തീകരിക്കുന്നു" എന്നാണ്. [13]ഉദ്ധരിച്ചതു, എലനർ ഡോൺ – ദി സ്പീക്കേഴ്സ് സോഴ്സ് ബുക്ക് എന്ന പുസ്തകത്തിലാണ്. (ഗ്രാന്റ് റാപ്പിഡ്സ്. മിക് സോൺഡെർവൻ പബ്ലിഷിങ്ങ് ഹൗസ് 1962), 262. [14]ശ്രോതാക്കൾ, അവർക്കു ലഭിച്ച "പ്രത്യേക" അനുഗ്രഹങ്ങൾ കുറിക്കുന്നതും. നല്ലതാണ് അവരുടേത് പാഠത്തിലേതിൽ നിന്നു വ്യത്യസ്തമാകാം.